തലശ്ശേരി നിയോജകമണ്ഡലത്തിലെ സ്കൂൾ കെട്ടിടങ്ങളുടെ പണി

460 [499] ശ്രീ. കോടിയേരി ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒരു നിയോജകമണ്ഡലത്തിൽ രണ്ടു സ്കൂൾ കെട്ടിടങ്ങൾ ഉണ്ടാക്കുന്ന പദ്ധതിയിൽ ഉൾപ്പെടുത്തി തലശ്ശേരി നിയോജകമണ്ഡലത്തിൽ ഏതെല്ലാം സ്കൂളുകൾക്കാണ് കെട്ടിടങ്ങൾ നിർമ്മിച്ചിട്ടുള്ളത്;

(ബി) ഇതിന്റെ പ്രവൃത്തി പൂർത്തിയായിട്ടുണ്ടോ;

(സി) ഇല്ലെങ്കിൽ എന്ന് പൂർത്തിയാകും?

ഉത്തരം

(എ) വെള്ളപ്പൊക്ക ദുരിതാശ്വാസ പദ്ധതിയിൽ ഉൾപ്പെടുത്തി തലശ്ശേരി നിയോജകമണ്ഡലത്തിൽ ഗവൺമെൻറ്, എച്ച്.എസ്. വാക്കുമ്പാട്ട്, ജി.എൽ.പി. സ്കൂൾ പുല്ലിയോട് എന്നിവയ്ക്ക് കെട്ടിടം നിർമ്മിക്കുന്നതിന് പണം അനുവദിച്ചിട്ടുണ്ട്.

(ബി) മേൽപ്പറഞ്ഞ കെട്ടിടനിർമ്മാണപ്പണി സ്കൂൾ അദ്ധ്യാപക-രക്ഷാകർത്തൃസമിതി ഏറ്റെടുത്തു നടത്തിക്കൊണ്ടിരിക്കുകയാണ്.

(സി) ഉടനെ പൂർത്തിയാക്കുന്നതിനുള്ള നിർദ്ദേശം നൽകിയിട്ടുണ്ട്.

വാടകക്കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന ഗവൺമെൻറ് സ്കൂളുകൾ

461 [500] ശ്രീ. ലോനപ്പൻ നമ്പാടൻ താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വാടകകെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന എത്ര ഗവൺമെൻറ് സ്കൂളുകൾ ഉണ്ട്;

(ബി) അവയുടെ വിദ്യാഭ്യാസ ജില്ലാടിസ്ഥാനത്തിലുള്ള കണക്ക് വ്യക്തമാക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് 628 ഗവൺമെൻറ് സ്കൂളുകൾ വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്നുണ്ട്.

(ബി) ലിസ്റ്റ് അനുബന്ധമായി ചേർത്തിട്ടുണ്ട്.*

സ്വന്തമായി കെട്ടിടമില്ലാത്ത ഗവൺമെൻറ് സ്കൂളുകൾ

462 [501] ശ്രീ. എ.കെ. പത്മനാഭൻ: താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സ്വന്തമായി കെട്ടിടമില്ലാത്ത എത്ര ഗവൺമെൻറ് സ്കൂളുകൾ സംസ്ഥാനത്ത് പ്രവർത്തിക്കുന്നുണ്ട്?

ഉത്തരം

സംസ്ഥാനത്തെ 510 ഗവൺമെൻറ് സ്കൂളുകൾക്ക് സ്വന്തമായി കെട്ടിടമില്ല.

* അനുബന്ധം IV

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം IV

[നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 461 [500] കാണുക]

വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന
സർക്കാർ സ്കൂളുകൾ

	വിദ്യാഭ്യാസ ജില്ല	എണ്ണം
(1)	നെയ്യാറിൻകര	1
(2)	ആറ്റിങ്ങൽ	2
(3)	കൊല്ലം	4
(4)	കൊട്ടാരക്കര	5
(5)	പത്തനംതിട്ട	3
(6)	തിരുവല്ല	1
(7)	മാവേലിക്കര	1
(8)	കോട്ടയം	1
(9)	പാലാ	1
(10)	എറണാകുളം	1
(11)	ആലുവാ	1
(12)	ഇരിങ്ങാലക്കുട	3
(13)	ചാവക്കാട്	23
(14)	ഒറ്റപ്പാലം	18
(15)	പാലക്കാട്	75
(16)	തിരൂർ	91
(17)	മലപ്പുറം	113
(18)	കോഴിക്കോട്	53
(19)	വടകര	52
(20)	വയനാട്	10
(21)	തലശ്ശേരി	25
(22)	കണ്ണൂർ	57
(23)	കാസർഗോഡ്	87
	ആകെ	628

LIBRARY ARCHIVES Kerala Legislative Assembly